# നീര ഉൽപന്നങ്ങൾ വിപണിയിലേക്ക്

കൊച്ചി: കാസർകോട് നാളികേര ഉൽപാദക കമ്പനി നീര ആരോഗ്യ പാനീയവും നീര പഞ്ചസാരയും ചക്കരയും ജൂലൈയിൽ വിപണിയിലിറക്കുമെന്ന് കമ്പനി ചെയർമാൻ എം.പി. ബേബി അറിയിച്ചു.

ഇതിന് 6500 ചതുരശ്ര അടിയുള്ള പ്ലാൻറ് നിർമിക്കാൻ അരയേക്കർ സ്ഥലം വെള്ളരിക്കുണ്ടിൽ കണ്ടെത്തിയിട്ടുണ്ട്. മൂന്നരക്കോടി ചെലവ് പ്രതീക്ഷിക്കുന്ന പ്ലാൻറിൽ ദിനേന 10,000 ലിറ്റർ നീര സംസ്കരിക്കാൻ കഴിയും. ജില്ലയിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട പരമ്പരാഗത ചെത്തുതൊഴിലാളികൾ ബോർഡിൻെറ വാഴക്കുളത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽനിന്ന് പരിശീലനം നേടുന്നതോടെ പ്ലാൻറിൻെറ പ്രവർത്തനം തുടങ്ങും. നീര ചെത്താനുള്ള 1500 തെങ്ങുകൾ കണ്ടെത്തിയിട്ടുണ്ട്.

ചെത്തുതൊഴിലാളികളെ പരിശീലനത്തിന് കിട്ടാത്തപക്ഷം കർഷകർ പരിശീലനം നേടി സ്വന്തം കൃഷിയിടത്തിലെ തെങ്ങുചെത്തി നീര ശേഖരിക്കുന്ന രീതി ആലോചനയിലുണ്ട്.

കെ.എഫ്.സിയുടെ വായ്പക്കൊപ്പം കമ്പനിയുടെ കീഴിലെ 238 ഉൽപാദകസംഘങ്ങളും ഓഹരിയെടുത്ത് നീര പ്ലാൻറിനും ഉൽപാദനത്തിനുമുള്ള തുക കണ്ടെത്തുമെന്നും അദ്ദേഹം അറിയിച്ചു.

ഗൾഫിലെ വൻകിട കമ്പനികളിൽനിന്ന് അന്വേഷണങ്ങൾ വന്നുകഴിഞ്ഞു. കമ്പനിയുടെ ഉടമസ്ഥതയിൽ മൂന്ന് നഴ്സറി നിലവിലുണ്ട്. ഭാവിയിലെ നീര ഉൽപാദനം മുന്നിൽക്കണ്ട് കർഷകർക്ക് തെങ്ങിൻതൈകൾ എത്തിച്ചുകൊടുക്കുമെന്നും ബേബി അറിയിച്ചു.